പി.ജി ഡെന്റൽ കോഴ്സിന് അപേക്ഷിക്കാം

തിരുവനന്തപുരം: സർക്കാർ, സ്വാശ്രയ ഡെന്റൽ കോളേജുകളിൽ പി.ജി ഡെന്റൽ (എം.ഡി.എസ്) പ്രവേശനത്തിന് നീറ്റ് യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക് www.cee.kerala.gov.in വഴി 27ന് വൈകിട്ട് 5വരെ അപേക്ഷിക്കാം. വിജ്ഞാപനവും പ്രോസ്പെക്ടസും www.cee-kerala.org ൽ. ഹെൽപ് ലൈൻ നമ്പറുകൾ- 0471- 2332123, 2339101, 2339102, 2339103, 2339104

മുടങ്ങിയ പരീക്ഷയെഴുതാൻ അവസരം

തിരുവനന്തപുരം: 2012 മാർച്ച് മുതൽ 2016 മാർച്ച് വരെ എസ്.എസ്.എൽ.സി (എ.ടി) പരീക്ഷയ്ക്ക് പങ്കെടുക്കുവാൻ കഴിയാതിരുന്നവരും പരാജയപ്പെട്ടവരുമായവർക്ക് വേണ്ടി ഈ മാസം 29ന് പരീക്ഷ നടത്തുന്നു. തിരുവനന്തപുരം എസ്.എം.വി ഗവ.മോഡൽ ഹയർ സെക്കൻഡറി സ്കൂളാണ് പരീക്ഷാ കേന്ദ്രം. 2018ലെ പി.സി.എൻ കുട്ടികൾക്കും 2019 വർഷത്തെ എസ്.എസ്.എൽ.സി എ.ടി പരീക്ഷയിൽ വിവിധ കാരണങ്ങളാൽ പങ്കെടുക്കാൻ കഴിയാതിരുന്ന സ്കൂൾ ഗോയിംഗ് വിഭാഗം കുട്ടികൾക്കും പുതിയ സ്കീമിൽ 29ലെ പരീക്ഷയിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക്: 0471-2330395.

എൽഎൽ.എം: രണ്ടാംഘട്ട അലോട്ട്മെന്റ്

തിരുവനന്തപുരം: സർക്കാർ-സ്വാശ്രയ ലാ കോളേജുകളിലെ 2018-19 വർഷത്തെ എൽ എൽ.എം കോഴ്സിലേക്ക് പ്രവേശനത്തിനുള്ള രണ്ടാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ച വെബ്സൈറ്റിലെ LLM 2018-Candidate Portal എന്ന ലിങ്കിൽ ആപ്ലിക്കേഷൻ നമ്പരും പാസ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ച ശേഷം Allotment Result എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാം. വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ടെടുത്ത് പ്രവേശനസമയത്ത് കോളേജ് അധികൃതരുടെ മുന്നിൽ ഹാജരാക്കണം.

അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അവരുടെ അലോട്ട്മെന്റ് മെമ്മോയും മറ്റ് രേഖകളും നിർദ്ദിഷ്ട ഫീസും സഹിതം 26ന് വൈകിട്ട് 5ന് മുൻപായി ബന്ധപ്പെട്ട കോളേജിൽ അഡ്മിഷൻ നേടണം. കൂടുതൽ വിവരങ്ങൾക്ക് www.cee.kerala.gov.in, www.cee-kerala.org, ഫോൺ: 0471 2332123, 2339101, 2339102, 2339103

വി.ടി. അവാർഡിന് കൃതികൾ ക്ഷണിച്ചു

അങ്കമാലി: 2019 - 20 വർഷത്തേക്കുള്ള വി.ടി. ഭട്ടതിരിപ്പാട് അവാർഡിനുള്ള കൃതികൾ ക്ഷണിച്ചു. 2016, 17, 18 വർഷങ്ങളിൽ ഒന്നാം പതിപ്പായി പ്രസിദ്ധീകരിച്ച കൃതികളാണ് പരിഗണിക്കുന്നത്. ഏപ്രിൽ 19ന് മുൻപായി കൃതിയുടെ മൂന്നു കോപ്പികൾ കെ. എൻ. വിഷ്ണു, സെക്രട്ടറി വി.ടി. സ്മാരക ട്രസ്റ്റ്, കിടങ്ങൂർ, അങ്കമാലി എന്ന വിലാസത്തിൽ അയയ്ക്കണം. 20000 രൂപയും പ്രശസ്തിപത്രവുമടങ്ങുന്നതാണ് അവാർഡ്. വി.ടി. അനുസ്മരണ സമ്മേളനത്തിൽ വച്ച് സി.വി. ശ്രീദേവി എന്റോവ്മെന്റ് അവാർഡും നൽകും.

ആചാര്യ ഹിന്ദി ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ്: അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: ഹിന്ദി പ്രചാര സഭയുടെ 2019-21 വർഷത്തിലേക്കുള്ള 'ആചാര്യ' ഹിന്ദി ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: ഹയർസെക്കൻഡറിയിൽ 50ശതമാനത്തിൽ കുറയാത്ത മാർക്കോടെ സാഹിത്യാചാര്യയോ ദക്ഷിണഭാരത ഹിന്ദി പ്രചാര സഭയുടെ പ്രവീണോ ജയിച്ചിരിക്കണം, ഹിന്ദിബി.എ/ എം.എ പരീക്ഷകൾ ജയിച്ചവർക്കും റിസൽട്ട് പ്രതീക്ഷിക്കുന്നവർക്കും അപേക്ഷിക്കാം, പട്ടികജാതി / പട്ടിക വർഗക്കാർ 45ശതമാനം മാർക്കോടെ യോഗ്യതാപരീക്ഷവിജയിച്ചിരിക്കണം. അപേക്ഷിക്കേണ്ട അവസാന തീയതി ഏപ്രിൽ 22. കൂടുതൽ വിവരങ്ങൾക്ക് സെക്രട്ടറി, കേരള ഹിന്ദി പ്രചാര സഭ. തിരുവനന്തപുരം 11 എന്ന വിലാസത്തിൽ ബന്ധപ്പെടുക. ഫോൺ: 9446458256

കെ മാറ്റ് കേരള ജൂൺ 2019 പരീക്ഷ

തിരുവനന്തപുരം: കേരളത്തിലെ സർവകലാശാലകളിലേക്കും സർവകലാശാലകളുടെ കീഴിലുള്ള കോളേജുകളിലേക്കും എം.ബി.എ പ്രവേശനത്തിനുള്ള കെ മാറ്റ് രണ്ടാമത്തെ പരീക്ഷ ജൂൺ 16ന് നടക്കും. അപേക്ഷകൾ സമർപ്പിക്കുന്നതിനും വിശദവിവരങ്ങൾക്കും kmatkerala.in . ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി മേയ് 31 വൈകിട്ട് നാലുവരെ. അവസാനവർഷ ബിരുദ ഫലം പ്രതീക്ഷിക്കുന്നവർക്കും അപേക്ഷിക്കാം. ഫോൺ: 04712335133, 8547255133.

പ്രോജക്ട് അസോസിയേറ്റ് ഒഴിവ്

തിരുവനന്തപുരം: ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിൽ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിൽ പ്രോജക്ട് അസോസിയേറ്റിന്റെ താത്കാലിക ഒഴിവിലേക്കുള്ള വാക് ഇൻ ഇന്റർവ്യൂ 28ന് രാവിലെ 10ന് നടക്കും. വിവരങ്ങൾക്ക് www.sctimst.ac.in

പത്തനംതിട്ടയിൽ ആവേശത്തിരയിളക്കി കെ.സുരേന്ദ്രൻ

■ തിരുവല്ല റെയിൽവേ സ്റ്റേഷനിൽ ശരണംവിളികളോടെ വരവേൽപ്പ്

അജിത്ത് കാമ്പിശേരി

തിരുവല്ല: സ്ഥാനാർത്ഥി പ്രഖ്യാപനത്തിന് ശേഷം ആദ്യമായി പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിലെത്തിയ എൻ.ഡി.എ സ്ഥാനാർത്ഥി കെ. സുരേന്ദ്രന് ആവേശോജ്ജ്വല വരവേൽപ്പ്. ഉച്ചയ്ക്ക് 12ന് കേരളാ എക്സ്പ്രസിൽ സുരേന്ദ്രൻ തിരുവല്ലയിലെത്തുമെന്നറിഞ്ഞ് രാവിലെ 9 മുതൽ റെയിൽവേ സ്റ്റേഷനിലേക്ക് എൻ.ഡി.എ പ്രവർത്തകരുടെ പ്രവാഹമായിരുന്നു.

പതിനൊന്നോടെ സ്റ്റേഷനിലെ ഇരു പ്ലാറ്റ്ഫോമുകളും നിറഞ്ഞു കവിഞ്ഞു.

ഉച്ചയ്ക്ക് പന്ത്രണ്ടേകാലോടെ കേരള എക്സ്പ്രസ് തിരുവല്ല റെയിൽവേ സ്റ്റേഷനിൽ എത്തിയതോടെ പ്രവർത്തകരുടെ ആവേശം അണപൊട്ടി. ട്രെയിനിൽ നിന്ന് പുറത്തിറങ്ങാൻ കഴിയാത്തവിധം എൻ.ഡി.എ പ്രവർത്തകർ സുരേന്ദ്രനെ പൊതിഞ്ഞു. മുദ്രാവാക്യം വിളികൾ ഉച്ചത്തിലായി. സ്ത്രീകളടക്കമുള്ളവർ ശരണംവിളികളോടെയാണ് സ്വീകരിച്ചാനയിച്ചത്.

പത്തനംതിട്ടയിലെ എൻ.ഡി.എ സ്ഥാനാർത്ഥി കെ.സുരേന്ദ്രന് തിരുവല്ല റെയിൽവേ സ്റ്റേഷനിൽ പ്രവർത്തകർ നൽകിയ സ്വീകരണം *ഫോട്ടോ: സന്തോഷ് നിലയ്ക്കൽ*

തുടർന്ന് വാദ്യമേളങ്ങളുടെയും അമ്മൻകുടങ്ങളുടെയും നൃറ് കണക്കിന് വാഹനങ്ങളുടെയും അകമ്പടിയോടെ തുറന്ന വാഹനത്തിൽ ശ്രീവല്ലഭ ക്ഷേത്രത്തിലേക്ക്. പിന്നീട് നഗരത്തെ ഇളക്കിമറിച്ച് റോഡ്ഷോ.

ബി.ജെ.പിയുടെയും ബി.ഡി.ജെ.എസ് ഉൾപ്പെടെയുള്ള ഘടകകക്ഷികളുടെയും നേതാക്കളും പ്രവർത്തകരും സ്വീകരണ ചടങ്ങിൽ പങ്കാളികളായി.

> "പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിൽ എൻ.ഡി.എ ഇത്തവണ അട്ടിമറി വിജയം നേടും. അനുകൂല സാഹചര്യമാണ് പത്തനംതിട്ടയിലുള്ളത്. മുമ്പെങ്ങുമില്ലാത്ത വിധം ബി.ജെ.പി തരംഗമാണ് മണ്ഡലത്തിൽ അലയടിക്കുന്നത്. ഇത് വോട്ടെടുപ്പിൽ പ്രതിഫലിക്കും.
>
> കെ. സുരേന്ദ്രൻ

റെയിൽവേ സ്റ്റേഷനിൽ നൽകിയ സ്വീകരണങ്ങൾക്ക് ബി.ജെ.പി സംസ്ഥാന വൈസ് പ്രസിഡന്റ് ജി. രാമൻനായർ, ജില്ലാ പ്രസിഡന്റ് അശോകൻ കുളനട, പാർലമെന്റ് മണ്ഡലം കൺവീനർ ടി.ആർ. അജിത്ത് കുമാർ, പി.എസ്.പി സംസ്ഥാന ചെയർമാൻ കെ.കെ പൊന്നപ്പൻ, കേരള കോൺഗ്രസ് (തോമസ്) സംസ്ഥാന ജനറൽ സെക്രട്ടറി രാജൻ കണ്ണാട്ട്, ബി.ജെ.പി സംസ്ഥാന സമിതിയംഗം കെ.ആർ. പ്രതാപചന്ദ്രവർമ്മ, മധു പരുമല, ജില്ലാ ജനറൽ സെക്രട്ടറിമാരായ ഷാജി ബി.നായർ, എസ്.എൻ ഹരികൃഷ്ണൻ തുടങ്ങിയവർ നേതൃത്വം നൽകി.

വൃദ്ധയെ കത്തിക്കരിഞ്ഞ നിലയിൽ കണ്ടെത്തി; മകൻ കസ്റ്റഡിയിൽ

■ സംഭവത്തിൽ ദുരൂഹത

ചിന്നമ്മ

കോട്ടയം: സ്വന്തം വീട്ടുവളപ്പിൽ വൃദ്ധയെ കത്തിക്കരിഞ്ഞ നിലയിൽ കണ്ടെത്തി. കാണക്കാരി വാഴക്കാലായിൽ പരേതനായ ജോസഫിന്റെ (പാപ്പച്ചൻ) ഭാര്യ ചിന്നമ്മയാണ് (85) മരിച്ചത്. സംഭവത്തിൽ മകൻ ബിനരാജിനെ (47) പൊലീസ് കസ്റ്റഡിയിലെടുത്തു.

ഇന്നലെ രാവിലെ 10.30ഓടെ കാണക്കാരി പട്ടിത്താനം വിക്ടർ ജോർജ് റോഡിലെ വീട്ടുവളപ്പിലായിരുന്നു സംഭവം. ചിന്നമ്മയും ബിനുവും മാത്രമാണ് വീട്ടിൽ താമസം. പറമ്പിൽ വാഴ കത്തുന്നത് കണ്ട് ചെന്നുനോക്കിയപ്പോൾ അമ്മയെ കത്തിക്കരിഞ്ഞ നിലയിൽ കണ്ടെത്തുകയായിരുന്നെന്നാണ് ബിനുവിന്റെ മൊഴി. വാഴ കത്തുന്നത് കണ്ടതായി അതിരമ്പുഴയിലുള്ള സഹോദരീഭർത്താവിനെയും, മൃതദേഹം കണ്ടതായി അമയന്നൂരിലെ സഹോദരിയെയും ഇയാൾ ഫോണിൽ വിളിച്ചുപറഞ്ഞിരുന്നു. വിവരമറിഞ്ഞ് എത്തിയ പഞ്ചായത്ത് അംഗമാണ് പൊലീസിൽ അറിയിച്ചത്. വൈക്കം ഡിവൈ.എസ്.പി കെ.സുഭാഷിന്റെ നേതൃത്വത്തിൽ നസീർ പങ്കുവച്ച ലേഖനങ്ങളും പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രേംനസീർ ഫൗണ്ടേഷൻ ചെയർമാനും നിർമ്മാതാവുമായ ജി.സുരേഷ് കുമാർ അദ്ധ്യക്ഷനായി. പ്രേംനസീറിന്റെ മകൻ ഷാനവാസ്, തലേക്കുന്നിൽ ബഷീർ, കുഞ്ചാക്കോ ബോബൻ, ഡോ.എം.കെ. മുനീർ എം.എൽ.എ, സിബി മലയിൽ തുടങ്ങിയവർ പങ്കെടുത്തു. ചടങ്ങിൽ നസീറിന്റെ സഹപ്രവർത്തകരെ ആദരിച്ചു. എറണാകുളം ടി.ഡി.എം ഹാളിലെ നിറഞ്ഞു കവിഞ്ഞ സദസിലായിരുന്നു ചടങ്ങ് നടന്നത്. തുടർന്ന് പ്രേംനസീർ സിനിമകളിലെ ഗാനങ്ങൾ കോർത്തിണക്കിയ സംഗീതനിശയും അരങ്ങേറി.

നിത്യവൃത്തിക്ക് പോലും പണമില്ല

കൺട്രോൾ നഷ്ടപ്പെട്ട് കെ.എസ്.ആർ.ടി.സി

കോവളം സതീഷ്കുമാർ

തിരുവനന്തപുരം: നേതൃപരമായ ഏകോപനവും മാനേജ്മെന്റ് പാടവവുമൊക്കെ കൂട്ടപ്പറന്നതായതോടെ കെ.എസ്.ആർ.ടി.സി വീണ്ടും നഷ്ടത്തിലേക്ക് കൂപ്പുകുത്തി. ജനവരിയിൽ ശരാശരി ദിവസവരുമാനം ഏഴ് കോടിയും ഫെബ്രുവരിയിൽ 6.6 കോടിരൂപയുമായിരുന്ന കളക്ഷൻ ഇപ്പോൾ 5.7 കോടിയിലേക്ക് താഴ്ന്നു. കോർപറേഷന്റെ ഒരു ദിവസത്തെ ചെലവു നടന്നുപോകണമെങ്കിൽ 6.3 കോടി രൂപയെങ്കിലും വേണം. ആ കണക്കിൽ മാത്രം പ്രതിദിനം 60 ലക്ഷത്തോളം രൂപയാണ് നഷ്ടം.

ഈ പോക്കുപോയാൽ ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നതിനടക്കം കോർപറേഷന് കടം വാങ്ങേണ്ടിവരും.

ഈ മാസം ആകെ എട്ട് ദിവസം മാത്രമാണ് കളക്ഷൻ ആറു കോടി രൂപ പിന്നിട്ടത്. മുൻ എം.ഡി ടോമിൻ ജെ. തച്ചങ്കരി തുടങ്ങി വച്ച പല പരിഷ്കാരങ്ങളും തൊഴിലാളി സംഘടനകളുടെ താത്പര്യത്തിനു വഴങ്ങി പുതിയ എം.ഡി എം.പി. ദിനേശ് അട്ടിമറിച്ചു. ഇതാണ് കളക്ഷൻ കുറയാൻ പ്രധാനകാരണമെന്ന് കോർപറേഷനിലുള്ളവർതന്നെ സമ്മതിക്കുന്നു.

തലതിരിഞ്ഞ പരിഷ്കാരങ്ങളിലൂടെ സ്ഥിരം യാത്രക്കാരെ മുഴുവൻ കെ.എസ്.ആർ.ടി.സിവെറുപ്പിച്ചതാണ് വരുമാനത്തിൽ ഭീമമായ ഇടിവ് സംഭവിക്കുന്നതിന് പ്രധാന കാരണം. കോർപറേഷനിൽ ആകെപ്പാടെ നടക്കുന്നത് ഷെഡ്യൂൾ പരിഷ്കരണമാണ്. കഴിഞ്ഞ അഞ്ച് വർഷമായി ഈ ഷെഡ്യൂൾ പരിഷ്കരണത്തിന്റെ പേരിൽ സംസ്ഥാനത്താകെ വെട്ടിക്കുറച്ച സർവീസുകളുടെ എണ്ണം ആയിരത്തോളമാണ്. പതിവു ബസുകളെയൊന്നും കിട്ടാതായപോഴേക്കും യാത്രക്കാർ സ്വകാര്യബസുകളെയും സമാന്തര സർവീസുകളെയും ആശ്രയിച്ചു. ഫലത്തിൽ കെ.എസ്.ആർ.ടി.സിയുടെ തലപ്പത്തിരിക്കുന്നവർ സ്വകാര്യബസുകളെയും സമാന്തര സർവീസുകാരെയും സഹായിക്കുകയായിരുന്നു. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ കൂട്ടതൽ സമാന്തര സർവീസുകൾ ആരംഭിച്ചപ്പോൾ മറ്റ് ജില്ലകളിൽ സ്വകാര്യബസുകൾ കൂട്ടതൽ റൂട്ടുകളിലോടിയെത്തി. സ്വകാര്യമേഖല തഴച്ചു വളർന്നപ്പോൾ കെ.എസ്.ആർ.ടി.സി ദിനംപ്രതി മുങ്ങുന്ന കപ്പലായി.

■ രേഖകളിൽ പറയുന്ന സർവീസുകൾ
6200

■ മുമ്പ് നിരത്തിലുണ്ടായിരുന്നത്
5200- 5400

■ ഇപ്പോൾ സർവീസ് നടത്തുന്നത്
4200- 4800

■ കട്ടപ്പുറത്ത് **900**

പ്രതിദിന കളക്ഷൻ റിവേഴ്സ് ഗിയറിൽ

ജനുവരി 5	7,27,99,683
ജനുവരി 11	7,33,45,193
ജനുവരി 27	5,62,45,136
മാർച്ച് 20	5,76,35,972
മാർച്ച് 22	5,77,62,531

എം.പി. ദിനേശന് വിരമിച്ചാലും എം.ഡി സ്ഥാനം വേണം

വിരമിച്ചാലും തന്നെ കെ.എസ്.ആർ.ടി.സിയുടെ എം.ഡി സ്ഥാനത്ത് തുടരാൻ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് എം.പി.ദിനേശൻ സർക്കാരിന് കത്ത് നൽകി. ദിനേശൻ ചുമതലയേറ്റെടുത്ത ശേഷം കോർപ്പറേഷന്റെ വരുമാനത്തിൽ വൻ തോതിൽ നഷ്ടം സംഭവിച്ചിരുന്നു. പ്രതിദിന കളക്ഷനിൽ ഒരു കോടി രൂപയിലറെ കുറവും സംഭവിച്ചു. അപ്പോഴും സ്ഥാനം ഉറപ്പിക്കാനാണ് ദിനേശിന്റെ ശ്രമം. മേയ് 31നാണ് ദിനേശൻ വിരമിക്കുന്നത്

കെ.എസ്.ആർ.ടി.സിയെ കുറിച്ച് പഠിച്ചുവരികായെന്നും ലാഭത്തിലാക്കാൻ ശ്രമിക്കുമെന്നും കാണിച്ചാണ് ദിനേശൻ കത്ത് നൽകിയത്. കത്ത് ഗതാഗത വകുപ്പ് സെക്രട്ടറി മന്ത്രിയുടെ ഓഫീസിൽ കൈമാറിയിട്ടുണ്ട്. തിരഞ്ഞെടുപ്പിനു ശേഷം മാത്രമേ ഇതു സംബന്ധിച്ച തീരുമാനമെടുക്കുകയുള്ളൂ. ഫെബ്രുവരി 7നാണ് ദിനേശൻ എം.ഡിയായി ചുമതലയേറ്റെടുത്തത്.

ആറ്റിങ്ങലിലെ എൻ.ഡി.എ സ്ഥാനാർത്ഥി ശോഭാ സുരേന്ദ്രൻ എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശനെ കണിച്ചുകുളങ്ങരയിലെ വസതിയിൽ സന്ദർശിച്ചപ്പോൾ. പ്രീതി നടേശൻ, സുഭാഷ് വാസു എന്നിവർ സമീപം

പ്രേംനസീറിന്റെ ഓർമ്മയിൽ 'നിത്യഹരിതം' പ്രകാശനം

കൊച്ചി: മലയാള സിനിമയുടെ നിത്യഹരിത നായകൻ പ്രേംനസീറിന്റെ ജീവചരിത്രം 'നിത്യഹരിതം' താരങ്ങളായ മമ്മൂട്ടിയും മോഹൻലാലും കവിയൂർ പൊന്നമ്മയിൽ നിന്ന് ഏറ്റുവാങ്ങി പ്രകാശിപ്പിച്ചു. കാലചക്രം എന്ന സിനിമയിൽ പ്രേംനസീറിന് പകരം കടത്തുകാരന്റെ വേഷത്തിലെത്തിയ മമ്മൂട്ടിയോട് തനിക്ക് പകരമെത്തിയ ആളാണല്ലേ എന്ന് നസീർ ചോദിച്ചിരുന്നു. എന്നാൽ ഈ ചിത്രത്തിൽ അല്ലാതെ പ്രേംനസീറിന് പകരക്കാരനായി എത്താൻ തനിക്ക് ഒരിക്കലും കഴിഞ്ഞിട്ടില്ലെന്ന് മമ്മൂട്ടി പറഞ്ഞു. മറ്റു രാജ്യങ്ങളിലുള്ളതുപോലെ താരങ്ങളുടെ ജീവചരിത്രമെന്നത് മലയാളത്തിൽ എന്തുകൊണ്ടു വരുന്നില്ലെന്ന് കരുതിയിരുന്നെന്നും ഈ പുസ്തകം അതിനൊരു തുടക്കമാകട്ടെയെന്നും മോഹൻലാൽ പറഞ്ഞു.

വരും തലമുറയ്ക്ക് പ്രേംനസീർ എന്ന മഹാനടനെ മനസിലാക്കാനായി ഈ പുസ്തകം സഹായിക്കുമെന്ന് പ്രേംനസീർ ഫൗണ്ടേഷൻ സംഘടിപ്പിച്ച ചടങ്ങിന്റെ ഉദ്ഘാടനപ്രസംഗത്തിൽ സംവിധായകൻ ശ്രീകുമാരൻ തമ്പി പറഞ്ഞു. ജനനം മുതൽ ജീവിതാവസാനം വരെ നസീറിന്റെ അറിഞ്ഞതും അറിയാത്തതുമായ നിരവധി സംഭവങ്ങൾ കോർത്തിണക്കിയാണ് ആയിരത്തോളം പേജുകളിൽ ആർ. ഗോപാലകൃഷ്ണൻ പുസ്തകം തയ്യാറാക്കിയത്. നസീറിന്റെ സിനിമകളുടെ പേരുകളിൽ ഏഴ് അദ്ധ്യായങ്ങളിലായാണ് പുസ്തകം രചിച്ചിരിക്കുന്നത്. കൗമുദി വാരികയിൽ നസീർ പങ്കുവച്ച ലേഖനങ്ങളും പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രേംനസീർ ഫൗണ്ടേഷൻ ചെയർമാനും നിർമ്മാതാവുമായ ജി.സുരേഷ് കുമാർ അദ്ധ്യക്ഷനായി. പ്രേംനസീറിന്റെ മകൻ ഷാനവാസ്, തലേക്കുന്നിൽ ബഷീർ, കുഞ്ചാക്കോ ബോബൻ, ഡോ.എം.കെ. മുനീർ എം.എൽ.എ, സിബി മലയിൽ തുടങ്ങിയവർ പങ്കെടുത്തു. ചടങ്ങിൽ നസീറിന്റെ സഹപ്രവർത്തകരെ ആദരിച്ചു. എറണാകുളം ടി.ഡി.എം ഹാളിലെ നിറഞ്ഞു കവിഞ്ഞ സദസിലായിരുന്നു ചടങ്ങ് നടന്നത്. തുടർന്ന് പ്രേംനസീർ സിനിമകളിലെ ഗാനങ്ങൾ കോർത്തിണക്കിയ സംഗീതനിശയും അരങ്ങേറി.

എറണാകുളം ടി.ഡി. ഹാളിൽ പ്രേംനസീർ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ നടൻ പ്രേംനസീറിന്റെ ജീവചരിത്രം അടങ്ങിയ പുസ്തകം 'നിത്യഹരിതം' സിനിമ നടന്മാരായ മമ്മൂട്ടിയും മോഹൻലാലും നടി കവിയൂർ പൊന്നമ്മയും ചേർന്ന് പ്രകാശനം ചെയ്യുന്നു. ആർ. ഗോപാലകൃഷ്ണൻ, പ്രേംനസീർ ഫൗണ്ടേഷൻ ചെയർമാൻ ജി. സുരേഷ് കുമാർ, പ്രേംനസീർ ഫൗണ്ടേഷൻ പേട്രൺ തലേക്കുന്നിൽ ബഷീർ, നടൻ കുഞ്ചാക്കോ ബോബൻ, പ്രേംനസീറിന്റെ മകൻ ഷാനവാസ്, സംവിധായകൻ സിബി മലയിൽ തുടങ്ങിയവർ സമീപം

പ്രീതാ ഷാജിക്ക് പോരാട്ട വിജയത്തിന്റെ ഗൃഹപ്രവേശം

കൊച്ചി: ഇടപ്പള്ളി മാനാത്തു പാടത്ത് പ്രീതാ ഷാജിയുടെ വീട്ടിൽ ഇന്നലെ രാവിലെ വീണ്ടും ഗൃഹപ്രവേശമായിരുന്നു. ജസ്റ്റിസ് പി.കെ.ഷംസുദ്ദീൻ വീടിന്റെ താക്കോൽ കൈകളിൽ വച്ചുനൽകിയപ്പോൾ പ്രീത മനംനിറഞ്ഞു ചിരിച്ചു.

സർഫാസി നിയമപ്രകാരം ബാങ്ക് ജപ്തിചെയ്ത വീട് ഹൈക്കോടതിയുടെ ഇടപെടലിലൂടെ തിരിച്ചു കിട്ടിയതിന്റെ സന്തോഷം വന്നുചേർന്നവർക്ക് പരിപ്പായസം വച്ചുവിളമ്പി പ്രീത പങ്കുവച്ചു. ഉച്ചയ്ക്ക് വെജിറ്റബിൾ ബിരിയാണിയും നൽകി. ഗൃഹപ്രവേശച്ചടങ്ങിൽ മന്ത്രി സി.രവീന്ദ്രനാഥ്, വി.എം സുധീരൻ, പി.ടി. തോമസ് എം.എൽ.എ, സർഫാസി വിരുദ്ധ സമരസമിതി നേതാവ് പി.ജെ.മാനവൽ, സി.ആർ.നീലകണ്ഠൻ തുടങ്ങിയവർ പങ്കെടുത്തു. നാട്ടുകാരുംഎല്ലാക്കാര്യത്തിനും പിന്തുണയുമായി ഉണ്ടായിരുന്നു.

പ്രീത സ്വന്തം വീട്ടുമുറ്റത്ത് ചിതയൊരുക്കി നടത്തിയ സമരത്തിന്റെ കൂടി വിജയമാണിത്. കാർഡ് ബോർഡ് ഉപയോഗിച്ചുണ്ടാക്കിയ ബാങ്ക്, റിയൽ എസ്റ്റേറ്റ് മാഫിയ കൂട്ടുകെട്ടിന്റെ പ്രതീകം ചിതയ്ക്കുമുകളിൽവച്ച് തീകൊളുത്തി സമരം അവസാനിപ്പിച്ചതിന് ശേഷമായിരുന്നു ഗൃഹപ്രവേശച്ചടങ്ങ്. സമരത്തിന്റെ പേരിൽ ജയിലിൽ പോയവരെമാലയിട്ട് സ്വീകരിച്ചു.

1994ൽ ആണ് ബന്ധുവായ സാജന് വേണ്ടി രണ്ട് ലക്ഷം രൂപ വായ്പയ്ക്ക് പ്രീതയുടെ ഭർത്താവ് ഷാജിയുടെ 22.5 സെന്റ് ഭൂമി ഈടായി ബാങ്കിൽ ജാമ്യം നിന്നതാണ്. പണം തിരിച്ചടയ്ക്കാതായപ്പോൾ ബാദ്ധ്യത ഷാജിയുടേതായി. സർഫാസി നിയമം ഉപയോഗിച്ച് ബാങ്ക് 18.5 സെന്റ് സ്ഥലവും വീടും ജപ്തി ചെയ്തു. അനുകൂലവിധി സമ്പാദിച്ച പ്രീതാഷാജി ബാങ്കിലും മറ്റും അടയ്ക്കാനുള്ള 45 ലക്ഷത്തോളം രൂപ പൊതുജനങ്ങളിൽ നിന്ന് പലിശരഹിത വായ്പയായി ധനസമാഹരണം നടത്തി. പണം അടച്ചതിന് ശേഷമാണ് വീടിന്റെ താക്കോൽ തിരികെക്കിട്ടിയത്.

സേവനം ശിക്ഷയല്ല

കോടതിയലക്ഷ്യക്കേസിൽ 100 മണിക്കൂർ പാലിയേറ്റിവ് കെയറിൽ സേവനം ചെയ്യണമെന്ന് ഹൈക്കോടതി ഉത്തരവിട്ടത് ശിക്ഷയായി കാണുന്നില്ലെന്ന് പ്രീതാ ഷാജി പറഞ്ഞു. ഇത് താനും ഭർത്താവും ഉടൻ ചെയ്യുമെന്നും അവർ കൂട്ടിച്ചേർത്തു.

ജപ്തി ചെയ്ത വീട് ഒഴിഞ്ഞ് കൊടുക്കണമെന്ന സിംഗിൾ ബഞ്ചിന്റെ ഉത്തരവിനെതിരെ പ്രതിഷേധിച്ചതിനായിരുന്നു പ്രീതയും ഭർത്താവും 100 മണിക്കൂർ പാലിയേറ്റിവ് കെയറിൽ സേവനം ചെയ്യണമെന്ന് ഹൈക്കോടതി ശിക്ഷവിധിച്ചത്. കൈവിട്ടുപോകുമെന്ന് തോന്നിയ ജീവിതം തിരികെ നേടിത്തന്നത് സർഫാസി വിരുദ്ധ സമരസമിതിയും നാട്ടുകാരുമാണ്. അവരെ ഒരിക്കലും മറക്കാനാവില്ലെന്നും പ്രീത പറഞ്ഞു.

ജാമ്യം നിന്നതിനെ തുടർന്ന് വീട് നഷ്ടപ്പെട്ട ഇടപ്പള്ളി സ്വദേശി പ്രീതാ ഷാജിയും കുടുംബവും ഹൈക്കോടതി ഉത്തരവിനെത്തുടർന്ന് വീട് തിരികെ ലഭിച്ചശേഷം ഭവനത്തിലേക്ക് കയറുന്ന ചടങ്ങിൽ ജസ്റ്റിസ് പി.കെ. ഷംസുദീൻ പ്രീത ഷാജിക്ക് വീടിന്റെ താക്കോൽ കൈമാറുന്നു. മന്ത്രി സി. രവീന്ദ്രനാഥ്, വി.എം. സുധീരൻ, എം.എൽ.എ. മാരായ പി.ടി. തോമസ്, വി.കെ. ഇബ്രാഹിം കുഞ്ഞ് എന്നിവർ സമീപം

ഇന്ന് നടക്കുന്നത് സാമുദായിക അടിസ്ഥാനത്തിനുള്ള മുന്നേറ്റങ്ങൾ: ഡോ. മീരാ വേലായുധൻ

കൊച്ചി: സമൂഹത്തിന്റെ പൊതുനന്മ ലക്ഷ്യമാക്കിയുള്ള മുന്നേറ്റങ്ങളാണ് 1920കളിലും 30കളിലും നടന്നിരുന്നതെങ്കിൽ ഇന്ന് സാമുദായികാടിസ്ഥാനത്തിലുള്ള മുന്നേറ്റങ്ങളാണ് നടക്കുന്നതെന്ന് ഡോ. മീരാ വേലായുധൻ പറഞ്ഞു. എ.കെ.ജി.സി.ടി സംസ്ഥാനസമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച വനിതാസമ്മേളനം മഹാരാജാസ് കോളേജ് ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. സർവകലാശാലകളിലെ വിമൻ സ്റ്റഡീസ് സെന്ററുകൾ അടച്ചുപൂട്ടാനുള്ള യു.ജി.സിയുടെ തീരുമാനത്തിനെതിരെ ഒപ്പുശേഖരിച്ച് യു.ജി.സി അധികൃതർക്ക